പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 98

20.01.2014-ൽ മറുപടി നൽകേണ്ടത്

# 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരമുള്ള ഭൂമി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>,, ഇ. പി. ജയരാജൻ<br>,, കെ. രാധാകൃഷ്ണൻ<br>,, എളമരം കരീം | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം'പദ്ധതിയിൽ അപേക്ഷ നൽകിയവരിൽ ഒരു ലക്ഷം പേർക്ക് 2013 ആഗസ്റ്റിൽ ഭൂമി വിതരണം ചെയ്യുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 2015 ഓടുകൂടി അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി വിതരണം ചെയ്യുന്നതാണ്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഒരു ലക്ഷം പേർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. ഇപ്രകാരം കണ്ടെത്തിയ ഭൂമി 9 ജില്ലകളിൽ വിതരണം ചെയ്തു. 5 ജില്ലകളിൽ വിതരണത്തിനായി തയ്യാറായിട്ടുണ്ട്. കണ്ടെത്തിയ മുഴുവൻ ഭൂമിയും വിതരണം ചെയ്യാൻ പ്രകൃതി ദുരന്തം, കോടതി കേസുകൾ തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ കഴിഞ്ഞില്ല. ടി ലക്ഷ്യം സാധിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ; ആകെ അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം തിട്ട | (ബി) പ്രസ്തുത പദ്ധതി പ്രകാരം ഒന്നാം ഘട്ടമായി ഇതിനകം 9 ജില്ലകളിലായി 20,782 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. |

പ്പെടുത്തിയിട്ടുണ്ടോ ; ഇതിനാവശ്യമായ അത്രയും ഭൂമി കണ്ടെത്തുകയുണ്ടായിട്ടുണ്ടോ ;

ബാക്കി ജില്ലകളിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 14,206 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതി പ്രകാരം 15.02.2013 വരെ രണ്ട് ഘട്ടങ്ങളിലായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ നിന്നും അർഹരായ 2,43,928 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഒന്നാം ഘട്ടമായി ഒരു ലക്ഷം പേർക്ക് ഭൂമി നൽകുന്നതിനാവശ്യമായ നടപടികൾ ജില്ലകളിൽ നടന്നു വരുന്നു.

(സി) വിതരണം ചെയ്യപ്പെട്ട ഭൂമി സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ടോ; ഇതുകാരണം വിതരണം ചെയ്ത പട്ടയങ്ങളിൽ ചിലത് റവന്യൂ ഉദ്യോഗസ്ഥർ തിരിച്ചു വാങ്ങുകയുണ്ടായോ ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്ത ഏതാനും പ്ലോട്ടുകൾ സംബന്ധിച്ച് ചില പരാതികൾ ഉണ്ടായിട്ടുണ്ട്. അപ്രകാരമുണ്ടായിട്ടുള്ള പരാതികൾ ജില്ലാ തലത്തിൽ പരിഹരിച്ചു വരുന്നു. പരാതി വന്ന തിരുവനന്തപുരത്തെ ചില പട്ടയങ്ങൾ വാങ്ങി പരിശോധിച്ചിട്ടുണ്ട്. എന്നാൽ, ഒരു ഗുണഭോക്താവിൽ നിന്നുപോലും പട്ടയം തിരിച്ചു വാങ്ങിയിട്ടില്ല.

(ഡി) വിതരണത്തിനായി കണ്ടെത്തിയ സ്ഥലങ്ങളേറെയും സാധാരണക്കാരായ ജനവിഭാഗങ്ങളുടെ കൈവശമുള്ളതും സമൂഹം പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവയുമാണെന്ന പരാതി ഉയർന്നിട്ടുള്ളത് പരിശോധിക്കു കയുണ്ടായോ;

(ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണത്തിനായി ജില്ലാ കളക്ടർമാർ കണ്ടെത്തിയത് സർക്കാർ ഭൂമികളാണ്. പരാതികൾ ശ്രദ്ധയിൽപ്പെട്ടത് ജില്ലാകളക്ടർമാർ പരിശോധിച്ചിട്ടുണ്ട്.

(ഇ) താമസയോഗ്യമല്ലാത്തതിനാലും വിദൂര സ്ഥലങ്ങളിലായതിനാലും അനുവദിച്ച ഭൂമി സ്വീകരിക്കാൻ അപേക്ഷകർ വിമുഖത കാട്ടുന്നുണ്ടോ; വിശദമാക്കുമോ; അനുവദിച്ച ഭൂമി ഉപയോഗിക്കുന്നതിന് നിശ്ചിത കാലയളവ് നിഷ്കർഷിക്കുന്നുണ്ടോ;

(ഇ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നൽകിയിട്ടുള്ള ഭൂമി സ്വീകരിക്കുന്നതിന് ഗുണഭോക്താക്കൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടയം അനുവദിച്ച ഭൂമി ഉപയോഗിക്കുന്നതിന് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള

വ്യവസ്ഥകൾ ബാധകമാണ്.

(എഫ്) ഭൂമി വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും അപേക്ഷകർക്ക് അവരുടെ പ്രദേശത്തുതന്നെ ഭൂമി അനുവദിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

(എഫ്) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 പ്രകാരം നൽകിയ ഭൂമിയെ സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലകളിൽ തന്നെ പ്രശ്ന പരിഹാരം ഉണ്ടാക്കി വരുന്നുണ്ട്.

അതാത് ജില്ലകളിൽ ലഭ്യമായ ഭൂമി പരമാവധി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ